ഉത്തരം

(എ & ബി) പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഒന്നും പൂർത്തിയായിട്ടില്ല.

മീത്തലെ-ചമ്പാടുമുതൽ മാക്കുനി വരെയുള്ള റോഡ് പുനരുദ്ധാരണം

73 (4353) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം മണ്ഡലത്തിലെ മീത്തലെ ചമ്പാട് മുതൽ മാക്കുനി വരെയുള്ള റോഡ് പുനരുദ്ധരിക്കുന്നതിനുള്ള പണികൾക്കുവേണ്ടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2003-2004-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കുവേണ്ടി സമർപ്പിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2003-2004-ലെ ബഡ്ജറ്റിൽ അനുബന്ധം 2-ൽ ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത മരാമത്തുപണികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത റോഡിന്റെ പണി തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി ഈ സാമ്പത്തികവർഷം തന്നെ ലഭ്യമാക്കാൻ വേണ്ടി പരാതികൾ സമർപ്പിച്ചിട്ടുള്ളവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പരാതിയിൽ ആവശ്യപ്പെട്ട റോഡിന്റെ പണി തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി ഈ സാമ്പത്തികവർഷം തന്നെ നൽകുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സർക്കാരിന് പരാതിയൊന്നും ലഭിച്ചിട്ടില്ല.

(സി) ഫണ്ട് ലഭ്യതയനുസരിച്ച് മാത്രമേ ഭരണാനുമതി ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

കേശവദാസപുരം-മണ്ണന്തല റോഡിന്റെ പുനരുദ്ധാരണം

74 (4354) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. സി. റോഡിൽ കേശവദാസപുരം മുതൽ മണ്ണന്തലവരെയുള്ള റോഡ് വീതി കൂട്ടി പുനരുദ്ധാരണം നടത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; ഇതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ : എങ്കിൽ എന്താണ് ;

(സി) കാലവർഷാരംഭത്തിനുശേഷം കേശവദാസപുരം-മണ്ണന്തല റോഡ് തകർന്ന് ഗതാഗതത്തിന് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly